**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2256** **13-09-2023 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കുറ്റ്യാടി കേന്ദ്രീകരിച്ച് ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ് നടത്തിയവരെ നിയമത്തിന് മുൻപിൽ കൊണ്ടുവരുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | കുറ്റ്യാടി കേന്ദ്രീകരിച്ച് നടന്ന ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ് സംബന്ധിച്ച് ആകെ 13 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ കുറ്റ്യാടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം.624/21, 638/21, 640/21, 641/21, 642/21 കേസുകളിലും, നാദാപുരം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം.573/21, 586/21, 588/21, 589/21 കേസുകളിലും അന്വേഷണം പൂർത്തിയാക്കി പ്രാഥമിക കുറ്റപത്രം ബഹു. നാദാപുരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-1 മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. പയ്യോളി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം.775/21, 776/21, 787/21, 791/21 കേസുകൾ നിലവിൽ അന്വേഷണാവസ്ഥയിലാണ്. |
| (ബി) | പ്രസ്തുത തട്ടിപ്പിനിരയായവർക്ക് ആശ്വാസകരമാകുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | പ്രസ്തുത തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകളിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്യുകയും, പ്രതികളുടെ വീടും സ്ഥാപനങ്ങളും പരിശോധന നടത്തി സ്വർണ്ണവും പ്രതികളുടെയും കുടുംബാംഗങ്ങളുടെയും ആധാരങ്ങളും ബാങ്ക് അക്കൗണ്ടുകളുടെ രേഖകളും ബന്തവസ്സിലെടുക്കുകയും, ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുകയും, പ്രതികളുടെ സ്വത്ത് വകകൾ കൈമാറ്റം ചെയ്യാതിരിക്കാൻ ബന്ധപ്പെട്ട സബ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ